3/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 614*(2)/2020/*എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 5126/എസ്.ഐ.സി-ജി6/2020)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജി. സോമൻ,
മാണിക്കോട് പൊയ്ക വീട്,
പടപ്പക്കര (പി.ഒ),
പേരയം വില്ലേജ്,
കൊല്ലം - 691 503.
} ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി തഹസിൽദാർ,
താലൂക്ക് ആഫീസ്, കൊല്ലം.

2. അപ്പീൽ അധികാരി & തഹസിൽദാർ(എൽ.ആർ),
താലൂക്ക് ആഫീസ്,
കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12/12/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06/01/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 21/01/2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 07/02/2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14/05/2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 18/05/2020 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 14/12/2022<br>ആഡിയോ/വീഡിയോ കോൺഫറൻസിങ്ങ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ജി. സോമൻ 14/05/2020 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 18/05/2020 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 614(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ നൽകിയെന്നും എന്നാൽ ഒന്നാം അപ്പീൽ അധികാരി മറുപടി ലഭ്യമാക്കിയില്ല എന്നുമുള്ള ആക്ഷേപമാണ് ഉന്നയിച്ചിരിക്കുന്നത്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 12/12/2019 തീയതി സമർപ്പിച്ച അപേക്ഷയിൽ 16/04/2019-ലെ A2-14529/19 നമ്പർ ഫയലിലേ താലൂക്ക് സർവ്വേരുടെ റിപ്പോർട്ടിന്റെ പകർപ്പും ഹെഡ്സർവ്വേയറുടെ പരിശോധന റിപ്പോർട്ടിന്റെ പകർപ്പും ടി ഫയലിലെ രേഖകൾ പരിശോധിയ്ക്കാനുള്ള അവസരം നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 06/01/2020-ന് എതിർകക്ഷി ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 21/01/2020 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 07/02/2020-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 12/12/2022 തീയതിയിൽ രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഹർജിക്കാരൻ 12/12/2019 തീയതിയിൽ എൽ.ആർ. എം.5-33205/19, 33206/19 നമ്പരുകളിലായി വിവരാവകാശ അപേക്ഷകൾ സമർപ്പിരുന്നെന്നുമാണ്.

എൽ.ആർ.എം.5. 33205/19 നമ്പർ ഫയലിൽ ആവശ്യപ്പെട്ടിരുന്നത് അപ്പീൽവാദിയുടെ സർവ്വേ സംബന്ധമായ ഫയലിലെ ടിയാന്റെയും എതിർകക്ഷികളുടെയും മൊഴി പകർപ്പും ഫയൽ പരിശോധിക്കുന്നതിനുള്ള അനുവാദവുമാണ്. ആയതിൻ പ്രകാരമുള്ള ഫയലിൽ മൊഴിപകർപ്പ് എതിർകക്ഷി നൽകിയിട്ടില്ലാത്തതിനാൽ ടി വിവരവും ഫയൽ പരിശോധിക്കുന്നതിനുള്ള അനുമതിയും കക്ഷിയ്ക്ക് സമയപരിധിയ്ക്കുള്ളിൽ നൽകിയിട്ടുണ്ടെന്നുമാണ്. എന്നാൽ ടിയാൻ ഫയൽ പരിശോധിക്കുന്നതിന് ആഫീസിൽ

ഹാജരായത് 30 ദിവസങ്ങൾക്ക് ശേഷമാണെന്നും, ടി പരിശോധന പ്രകാരം ആവശ്യപ്പെട്ട രേഖകൾ ഫീസ് ഒടുക്കി നൽകിയിട്ടുണ്ടെന്നുമാണ്. എൽ.ആർ.എം.5-33206/19 നമ്പർ ഫയൽ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ സർവ്വെയറുടെയും, ഹെഡ് സർവ്വെയറുടെയും റിപ്പോർട്ടിന്റെ പകർപ്പാണെന്നും, സർവ്വെയറുടെ റിപ്പോർട്ട് കക്ഷി ഫീസ് ഒടുക്കിയതിൻ പ്രകാരം നൽകിയെന്നും ഹെഡ് സർവ്വെയറുടെ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ലാത്തതിനാൽ ടി വിവരം ഫയൽ പരിശോധിച്ചതിൽ അപ്പീൽവാദിയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ടെന്നുമാണ്.

മേൽ വിവരാവകാശ അപേക്ഷകളിൽ നിന്നും വ്യത്യസ്തമായി വിവരാവകാശ പ്രകാരം ലഭ്യമായ രേഖകളിൽ ആഫീസ് മുദ്ര പതിപ്പിച്ചിട്ടില്ല എന്നും വിവരങ്ങൾ മറച്ചുവച്ചിട്ടുള്ളതാണെന്നും കാണിച്ചാണ് അപ്പീൽ അപേക്ഷ സമർപ്പിച്ചതെന്നും ആയതു പ്രകാരം അപ്പീൽ അധികാരി ടിയാനെ നേരിൽ കേട്ടതും എസ്.പി.ഐ.ഒ നൽകിയിട്ടുള്ള മറുപടി കൃത്യതയുള്ളതാണെന്നും മറുപടി നൽകുന്നതിൽ കാലതാമസം വരുത്തിയിട്ടില്ലാത്തതാണെന്നും ബോധ്യപ്പെട്ടതിൻ പ്രകാരം ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

6) അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ മറുപടിയിൽ തെറ്റായ അക്കൗണ്ട് നമ്പറാണ് നൽകിയതെന്നും, 30 ദിവസം കഴിഞ്ഞാണ് ഫീസ് അടക്കാൻ ആവശ്യപ്പെട്ടതെന്നു കമ്മീഷനു ബോധ്യമാകുന്നു. ടി വീഴ്ച്ച വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാകയാൽ ഇക്കാര്യത്തിൽ വീഴ്ച്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

7) മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ജനുവരി 04-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ. കെ.എൽ. വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV